المحتويات

## താളുകളിൽ


| | പേജ് |
|---|---|
| 1) ആമുഖം | 5 |
| 2) ഹജ്ജും ഉംറയും നിർബ്ബന്ധം | 8 |
| 3) ഹജ്ജ് ഉടനെ ചെയ്യണം | 9 |
| 4) ഹജ്ജും ഉംറയും നിർബന്ധം ഒരു തവണ | 11 |
| 5) തൗബ ചെയ്യണം | 11 |
| 6) ഹലാലായ സമ്പാദ്യം മാത്രം ........ | 13 |
| 7) ഹജ്ജിന്റെ ഉദ്ദേശ്യം റബ്ബിന്റെ പ്രീതി മാത്രം | 14 |
| 8) നല്ല കൂട്ടുകാരെ പിടിക്കണം | 16 |
| 9) വാഹനത്തിൽ | 17 |
| 10) ഇഹ്റാം | 19 |
| 11) ഋതുമതികൾ എന്തുചെയ്യണം | 19 |
| 12) ഇഹ്റാമിന്റെ വസ്ത്രം | 22 |
| 13) നിയ്യത്ത് | 23 |
| 14) മീഖാത്തുകൾ | 25 |
| 15) മീഖാത്തിലെ രണ്ടവസ്ഥ | 31 |
| 16) ഇഹ്റാമിന്റെ നിബന്ധന | 35 |
| 17) കുട്ടികളുടെ ഹജ്ജ് | 36 |
| 18) ഇഹ്റാമിന്നു ശേഷം | 39 |
| 19) മക്കയിലെത്തുമ്പോൾ | 47 |
| 20) 'തർവിയ' ദിനം | 59 |
| 21) അറഫാദിനം | 61 |
| 22) അറഫയിൽ നിൽക്കൽ | 62 |
| 23) തിരഞ്ഞെടുത്ത പ്രാർത്ഥനകൾ | 64 |
| 24) മുസ്ദലിഫയിൽ | 78 |
| 25) മിനായിലേക്കുള്ള നീക്കം | 80 |
| 26) മൃഗബലി | 93 |
| 27) പ്രത്യേകം ശ്രദ്ധിക്കേണ്ടത് | 97 |
| 28) പണ്ഡിതൻമാരുടെ കടമ | 105 |
| 29) വിടവാങ്ങൽ ത്വവാഫ് | 109 |
| 30) മസ്ജിദുന്നബി സന്ദർശനവും മര്യാദകളും | 111 |
| 31) ഒരുൽബോധനം | 129 |
| 32) ഖുബായിലെ പള്ളി | 134 |


***********

വചനത്തിന്റെയും വ്യക്തമായ സൂച നയും കഴിവുള്ളവർ ഉടനെത്തന്നെ ഹജ്ജ് ചെയ്തിരിക്കൽ നിർബന്ധമാണെന്ന് തന്നെയാണ്.

ഉംറ നിർബന്ധമാണെന്നതിന്നും ധാരാളം ഹദീസുകൾ തെളിവുണ്ട്. ജിബ്‌രീൽ (അ) നബി (സ)യുടെ അടുത്ത് വന്ന് ഇസ്‌ലാം എന്നാലെന്ത് എന്ന് ചോദിച്ചതിന്ന് നബി (സ) നൽകിയ മറുപടി അതിലൊന്നാണ്. നബി (സ) പറഞ്ഞു: അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നും മുഹമ്മദ് (സ) അല്ലാഹു വിന്റെ റസൂലാണെന്നും നീ സാക്ഷ്യം വഹിക്കണം, നമസ്കാരം നിലനിർത്തണം, സക്കാത്ത് നൽകണം, ഹജ്ജും ഉംറയും ചെയ്യ ണം. സംയോഗാനന്തരം കുളിക്കണം, വുളു (وضوء) പൂർണ്ണമാ യി നിർവഹിക്കണം, നോമ്പ് നോൽക്കണം ഇതൊക്കെയാണ് ഇസ്‌ലാം. ഉമറുബ്നുൽഖത്താബിൽ നിന്നും ഇബ്നുഖുസൈമ, ദാറുഖുത്‌നി എന്നിവർ ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസത്രെ ഇത്. ഇതിന്റെ നിവേദക പരമ്പര (സനദ്) സ്ഥിരപ്പെട്ടതും സ്വഹീഹു മാണെന്ന് ദാറുഖുത്‌നി പറഞ്ഞിട്ടുമുണ്ട്.

'അല്ലാഹുവിന്റെ റസൂലേ, സ്ത്രീകൾക്ക് ജിഹാദ് നിർബന്ധ മുണ്ടോ? എന്ന ആയിശ (റ)യുടെ ചോദ്യത്തിന്ന് നബി (സ) നൽകിയ മറുപടിയും ഇതാണ് കുറിക്കുന്നത്. 'അവർക്ക് നിർ ബന്ധമായിട്ടുള്ളത് യുദ്ധമില്ലാത്ത ജിഹാദാണ്. അതായത് ഹജ്ജും ഉംറയും' സ്വഹീഹായ സനദോടുകൂടി അഹ്‌മദും (റ) ഇബ്നുമാജയും (റ) ഈ ഹദീസുദ്ധരിച്ചിട്ടുണ്ട്.

## ഹജ്ജും ഉംറയും നിർബന്ധം ഒരു തവണ

'ഹജ്ജ് ഒരു തവണ മതി. അധികം തവണ ചെയ്താൽ അത് സുന്നത്ത് മാത്രമാണ് എന്ന സ്വഹീഹായ നബി വചന ത്തിന്റെ അടിസ്ഥാനത്തിൽ ഹജ്ജും ഉംറയും ജീവിതത്തിലൊരി ക്കൽ മാത്രമേ നിർബന്ധമായി ചെയ്യേണ്ടതുള്ളു.

ഹജ്ജും ഉംറയും കൂടുതലായി ചെയ്തുകൊണ്ടിരിക്കു ന്നത് സുന്നത്താണ്. അബൂഹുറൈറ (റ)യിൽ നിന്നും ബുഖാരി (റ)വും മുസ്‌ലിമും (റ) ഉദ്ധരിച്ച ഒരു ഹദീസിലൂടെ ഇത് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അഹൂഹുറൈറ (റ) പറഞ്ഞു: ഒരിക്കൽ നബി (സ) പറയുകയുണ്ടായി, ഉംറ, അടുത്ത ഉംറ വരെ ഇടക്ക് ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരമാണ്. പുണ്യ പൂർണ്ണ മായ ഹജ്ജിന്ന് സ്വർഗ്ഗമല്ലാതെ മറ്റൊരു പ്രതിഫലവുമില്ല.'

## തൗബ ചെയ്യണം

ഒരു മുസ്‌ലിം ഹജ്ജിനോ, ഉംറക്കോ പുറപ്പെടാൻ തീരുമാനിച്ചാൽ, തന്റെ കുടുംബങ്ങളെയും, ബന്ധുമിത്രാദി കളെയും അല്ലാഹുവെ ഭയപ്പെട്ടുകൊണ്ടും, അവൻ കൽപ്പിച്ചതു അനുഷ്ഠിച്ചുകൊണ്ടും, വിരോധിച്ചതു വെടിഞ്ഞു കൊണ്ടും ജീവിതം നയിക്കാൻ ഉപദേശിക്കണം. തനിക്കു, കിട്ടാനും താൻ കൊടുക്കാനുമുള്ള കടങ്ങളെല്ലാം എഴുതി സാക്ഷ്യപ്പെടുത്തുകയും, എല്ലാ പാപ കൃത്യങ്ങളിൽ നിന്നും നിഷ്കളങ്കമായ തൗബ (പശ്ചാത്താപം) നടത്തിയിരിക്കുകയും വേണം. അല്ലാഹു പറയുന്നത് കാണുക:

( وتوبوا إلي الله جميعا أيها المؤمنون لعلكم تفلحون ) ( النور: ٣١ )

